# SAHACHARI RELIEF CELL

Islamic Centre Rly. Link Road, Kozhikode - 2
Ph: 0495 - 2700177, 2700751
Website: www.skssf.in, Email: sahachari2007@gmail.com

SCAN & PAY

ആതുര സേവനത്തിന് സഹചാരി SKSSF റിലീഫ് സെൽ

A/c No: 67045362268, IFSC: SBIN0070301
SBI Annie Hall Road Branch, Kozhikode

Date: 10-02-2024

..........................................................................................................................................

ഖാസി/ഖത്വീബ്/മഹല്ല് പ്രസിഡന്റ്/ജനറൽ സെക്രട്ടറി/
മഹല്ല് ജമാഅത്ത് കമ്മിറ്റിയിലേക്ക്

السّلام عليكم ورحمة الله

ബഹുമാന്യരേ...

ക്ഷേമമെന്ന് കരുതുന്നു വിശുദ്ധ റമളാൻ മാസം വീണ്ടും നമ്മിൽ എത്തുന്നു. സൽകർമങ്ങൾ കൊണ്ട് ധന്യമാക്കാൻ ആവശ്യമായ ഉപദേശങ്ങൾ നൽകി വിശ്വാസികളെ സംസ്കരിക്കാൻ നമുക്ക് സാധിക്കട്ടെ.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴ്ഘടകങ്ങളിൽ ഊർജസ്വലതയോടെ പ്രവർത്തിക്കുന്ന ഘടകമാണ് SKSSF. ആതുര സേവന രംഗത്ത് 18 വർഷമായി നിസ്തുലമായ സേവനങ്ങൾ കൊണ്ട് പ്രശം സനീയമാണ് സഹചാരി റിലീഫ് സെൽ.

ഓരോ വർഷവും റമളാനിലെ ആദ്യ ആഴ്ച നടത്തുന്ന ഫണ്ട് ശേഖരണത്തിലൂടെ സ്വരൂപിക്കുന്ന ഫണ്ട് കൊണ്ട് പതിനായിരക്കണക്കിന് രോഗികൾക്ക് ആശ്വാസമാകാൻ നമുക്ക് സാധിച്ചു. അപകടങ്ങ ളെ തുടർന്നോ അവയവങ്ങളുടെ തകരാറ് കൊണ്ടോ മറ്റോ രോഗികളാകേണ്ടി വരുന്നവരും ചികിത്സക്ക് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരുടെയും ബാങ്ക് അക്കൗണ്ടുകളിലേക്ക് വളരെ സ്വകാര്യമായി ഫണ്ട് എത്തിച്ചു കൊടുക്കുന്ന രീതിയാണ് സഹചാരി റിലീഫ് സെൽ ചെയ്തു വരുന്നത്.

കഴിഞ്ഞ ഒരു വർഷം 1690 കാൻസർ രോഗികൾക്ക് 58,12,000 രൂപയും, 1218 ഡയാലിസിസ് രോഗി കൾക്ക് 48, 26,500 രൂപയും, റോഡ് അപകടത്തിൽപ്പെട്ട 618 പേർക്ക് 48,97,000 രൂപയും 692 ഹൃദ്രോ ഗികൾക്ക് 32,07, 500 രൂപയും മറ്റ് 2112 രോഗികൾക്ക് 1,44, 34,500 രൂപയും മരുന്ന് വിതരണത്തിനു വേണ്ടി 3,62, 630 രൂപയും ധനസഹായം നൽകാൻ സാധിച്ചു. ഇതിനു പുറമെ 552 നിത്യരോഗികൾക്ക് 16,56,000 രൂപയുടെ സ്പെഷ്യൽ ധനസഹായവും 100 ഡയാലിസിസ് രോഗികൾക്ക് ഒരു വർഷത്തെ സഹായം 28,92,000 രൂപയും കിഡ്നി മാറ്റിവെച്ച 93 രോഗികൾക്ക് 27,90,000 രൂപയും കഴിഞ്ഞ വർഷം സഹായം നൽകി.

കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്ത് സഹചാരി ഹെൽപ് ഡസ്കും MVR കാൻസർ സെന്ററിനടുത്ത് വിപുലമായ സൗകര്യങ്ങളോടെ ബഹുനില കെട്ടിടവും രോഗികൾക്കായി സമർപ്പിച്ചു കഴിഞ്ഞു. തിരുവനന്തപുരം RCC യുടെ അടുത്ത് സഹചാരി സെന്റർ നിർമാണ പ്രവർത്തി ആരംഭിക്കുന്നു.

ഈ വർഷത്തെ ഫണ്ട് ശേഖരണം റമളാൻ ആദ്യ വെള്ളി (മാർച്ച് 15) നടക്കുകയാണ്. ആവശ്യ മായ ഉദ്ബോധനം നടത്തി മഹല്ലിൽ നിന്നും പരമാവധി ഫണ്ട് ശേഖരിക്കാൻ നിങ്ങളുടെ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മഹല്ല് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അല്ലാഹു നമുക്ക് വിജയം നൽകട്ടെ, നമ്മുടെ പ്രവർത്തന ങ്ങൾ സ്വീകരിക്കട്ടെ - ആമീൻ.

എന്ന്

**സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ**
(പ്രസിഡന്റ്, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ)

**പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ**
(പ്രസിഡന്റ്, സുന്നി യുവജന സംഘം)

**കെ.ആലിക്കുട്ടി മുസ്ലിയാർ**
(ജന. സെക്രട്ടറി, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ)

**പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ**
(ചെയർമാൻ, സഹചാരി റിലീഫ് സെൽ & SKSSF സംസ്ഥാന പ്രസിഡന്റ്)